**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3110** **25-10-2021 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം മിലിട്ടറി-പോലീസ് മ്യൂസിയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുസിരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറത്ത് വിഭാവനം ചെയ്ത മിലിട്ടറി-പോലീസ് മ്യൂസിയം പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | മിലിട്ടറി പോലീസ് മ്യൂസിയം സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിരുന്നത് പള്ളിപ്പുറം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്താണ്. എന്നാൽ ആഭ്യന്തര വകുപ്പ് പ്രസ്തുത സ്ഥലത്ത് മ്യൂസിയം നിർമ്മിക്കാൻ അനുമതി നൽകാത്തതിനാൽ മ്യൂസിയ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല |
| (ബി) | ചെറായി സഹോദര സ്മാരകത്തിൽ പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടോ; പദ്ധതിക്ക് തുക വകയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ചെറായി സഹോദര സ്മാരകത്തിൽ പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടില്ല. മിലിറ്ററി പോലീസ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം സഹോദരൻ സ്മാരകത്തിൽ ഇല്ലാത്തതിനാലാണ് അനുമതി നൽകാതിരുന്നത്. സെൻട്രൽ ഫിനാൻഷ്യൽ അസ്സിസ്റ്റന്റ്സ് ഇനത്തിൽ പള്ളിപ്പുറം ടൂറിസ്റ്റ് അറൈവൽ സെന്ററിന് അനുവദിച്ച 83.06 ലക്ഷം രൂപയാണ് പള്ളിപ്പുറം പോലീസ് മിലിറ്ററി മ്യൂസിയത്തിനായി നീക്കി വച്ചിരുന്നത്. സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പാക്കിയിട്ടില്ല. |
| (സി) | എങ്കിൽ പ്രസ്തുത മ്യൂസിയം പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | സ്ഥലം ലഭ്യമല്ലാത്തതിലാണ് ഈ പദ്ധതി നടപ്പാക്കാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ